പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*66. 09.08.2017 ൽ മറുപടിയ്ക്ക്

## വ്യാജമദ്യം, മയക്കമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിന് പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എൻ.ഷംസീർ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>,, കെ.കെ.രാമചന്ദ്രൻ നായർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ അശാസ്ത്രീയ മദ്യനയത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള വ്യാജമദ്യത്തിന്റെയും മയക്കമരുന്നിന്റെയും വ്യാപനം തടയാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) | നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനം,, ഉപഭോഗം എന്നിവ പരമാവധി കുറച്ച് ലഹരി വർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി പുതിയ മദ്യനയം പ്രഖ്യാപിച്ച് 13/06/2017 ലെ ജി.ഒ(എം.എസ്) 43/2017/നി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.<br>സംസ്ഥാനത്ത് വ്യാജമദ്യം, സ്പിരിറ്റ്, മയക്കുമരുന്ന് എന്നിവയുടെ ഉൽപാദനം, വിപണനം, കടത്ത് എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും എക്സൈസ് ഷാഡോ സംവിധാനവും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് |

| | | | |
|---|---|---|---|
| | | | പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബഹു.മുഖ്യമന്ത്രി ചെയർമാനായി, കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ച് ജനകീയ പങ്കാളിത്തത്തോടുകൂടി ബോധവത്കരണ പ്രവർത്തനങ്ങൾ വ്യാപകമായി നടത്തി വരുന്നു. |
| (ബി) | മറ്റു സംസ്ഥാനങ്ങളിൽ നിന്ന് നിരോധിത ഉല്പന്നങ്ങൾ വ്യാപകമായി കള്ളക്കടത്ത് നടത്തുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ചെക്ക് പോസ്റ്റുകളിൽ ആധുനിക സംവിധാനം ഏർപ്പെടുത്തുന്നതിനും ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിശോധന നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിലെ പരിശോധന കാര്യക്ഷമമാക്കുന്നതിന് തെരഞ്ഞെടുത്ത 25 ചെക്ക് പോസ്റ്റുകളിൽ സോളാർ ഹൈമാസ്റ്റ് എൽ.ഇ.ഡി ലാമ്പുകളും, 14 ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി ക്യാമറകളും സ്ഥാപിച്ചുവരുന്നു. ട്രെയിൻ മുഖാന്തിരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവെ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തിവരുന്നു. |
| (സി) | ലഹരി വർജ്ജന പരിപാടിയായ 'വിമുക്തി ' യുടെ വിശദാംശം നൽകുമോ; ഇത് എത്രമാത്രം | (സി) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് ബഹു.മുഖ്യമന്ത്രി |

| | | |
|---|---|---|
| | കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | ചെയർമാനായി 'വിമുക്തി' എന്ന ലഹരി വർജ്ജന മിഷന് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളത്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്സ്.എസ്സ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി യുവജന മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോട്ടു കൂടിയാണ് ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് 'വിമുക്തി' മിഷനിലൂടെ ഉദ്ദേശിക്കുന്നത്. വിമുക്തി മിഷന്റെ പ്രവർത്തനം സംസ്ഥാന, ജില്ലാ, വാർഡ് തലങ്ങളിൽ കാര്യക്ഷമമായി നടന്നുവരുന്നു. കാര്യക്ഷമത സംബന്ധിച്ച് സർക്കാർ തലത്തിലും വകുപ്പ് തലത്തിലും അവലോകനം നടത്തിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**